സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.59/21/എസ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 20 /06/2022

## സർക്കുലർ

വിഷയം:- തിരുവല്ലം/ഒ.റ്റി.സി/പി.ഡി.മണികണ്ഠേശ്വരം/വള്ളിയംകാവ്/ പമ്പ/ എന്നീ ദേവസ്വങ്ങളിലെ മേൽശാന്തിമാർ, ശബരിമല ഉൾകഴകം എന്നീ ലാവണങ്ങളിലേയ്ക്കുള്ള നറുക്കെടുപ്പ് - അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്

സൂചന:- ദേവസ്വം ബോർഡാഫീസിലെ 05/03/2022 ലെ ആർ.ഒ.സി.1527/22/മിസ്.1 നമ്പർ ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗീകൃത സംഘടനയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രജീവനക്കാരുടെ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ (മേൽശാന്തിമാരെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന ദേവസ്വങ്ങളിലെ ഉൾപ്പെടെ) പരിഷ്കരിച്ച് സൂചനയായി ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2022 ലെ മേൽശാന്തി തെരഞ്ഞെടുപ്പ് മുതൽ ആയത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

1) തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ശാന്തിക്കാർക്ക് സൂചന ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങളിലെ വ്യവസ്ഥ അനുസരിച്ച് മുകളിൽ പറഞ്ഞിട്ടുള്ള ദേവസ്വങ്ങളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2) അപേക്ഷകൾ 30/06/2022 ന് 5.00 മണിയ്ക്ക് മുമ്പായി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസിൽ ഹാജരാക്കേണ്ടതാണ്.

3) പ്രസ്തുത അപേക്ഷകൾ അതത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസുകളിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം പരിശോധിച്ച് ന്യൂനതകൾ പരിഹരിച്ചും, ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയും, 5/07/2022 5.00 മണിയ്ക്ക് മുമ്പായി ഈ ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ് നിശ്ചിത തീയതിയ്ക്ക്ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

4) ഓരോ ദേവസ്വത്തിലേയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷകൾ ഹാജരാക്കേണ്ടതാണ്.

5) അപേക്ഷകർ അച്ചടക്ക നടപടികൾക്ക് വിധേയരായിട്ടില്ലായെന്നും, സ്വഭാവദൂഷ്യം ഇല്ലായെന്നും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

6) അപേക്ഷകർ ഫുൾടൈം സർവ്വീസിൽ പ്രവേശിച്ചതു മുതലുള്ള സർവ്വീസ് വിവരങ്ങൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ സാക്ഷ്യപ്പെടുത്തി അയയ്ക്കേണ്ടതാണ്.

7) അപൂർണ്ണവും ന്യൂനതകൾ ഉള്ളതുമായ അപേക്ഷകൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ നിരസിക്കേണ്ടതും, അപ്രകാരമുള്ള അപേക്ഷകൾ ഈ ആഫീസിലേയ്ക്ക് ശുപാർശ ചെയ്യുവാനും പാടില്ല. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

8) ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്നും മാനദണ്ഡപ്രകാരമുള്ള യോഗ്യതകൾ സിദ്ധിച്ചിട്ടുള്ള ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കുന്നതും, പ്രസ്തുത ലിസ്റ്റ് ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമായിരിക്കും. ടി ലിസ്റ്റിനെ സംബന്ധിച്ച് പരാതിയുള്ള പക്ഷം ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ 5 ദിവസത്തിനകം ആയത് ബോധിപ്പിക്കാവുന്നതാണ്. പരാതികൾ പരിഹരിച്ചശേഷം അന്തിമ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ടി ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ദേവസ്വം കമ്മീഷണറാഫീസിൽ വച്ച് നടത്തുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിനായി രേഖാമൂലം അറിയിപ്പ് നൽകുന്നതാണ്. ഇന്റർവ്യൂവിൽ അർഹത നേടുന്നവരുടെ ചുരുക്കപ്പട്ടികയിൽ നിന്നും നറുക്കെടുപ്പിലൂടെയായിരിക്കും ശാന്തിക്കാരെ നിയമിക്കുന്നത്.

9) ഇന്റർവ്യൂ ബോർഡിൽ ദേവസ്വം കമ്മീഷണർ, രണ്ട് തന്ത്രിമാർ, ശബരിമലയിലെ മുൻമേൽശാന്തിമാരിൽ ഒരാൾ, അഖില കേരള തന്ത്രിസമാജം പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കും.

ഒപ്പ്

ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) എല്ലാ ആഫീസ് മേധാവികൾക്കും
2) ഇ.ഡി.പി സെക്ഷൻ
3) സെക്ഷൻ ഫയൽ
4) ഫെയർ ആഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

Jyo.20/06

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം- 695003

**ROC NO: 59/2021/S**

**ശബരിമല ഉൾക്കഴകം, തിരുവനന്തപുരം ഗ്രൂപ്പിലെ തിരുവല്ലം, ഉള്ളൂർ ഗ്രൂപ്പിലെ ഒ.റ്റി.സി, കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി മണികണ്ഠേശ്വരം, മുണ്ടക്കയം ഗ്രൂപ്പിലെ വള്ളിയങ്കാവ്, ശബരിമല ഗ്രൂപ്പിലെ പമ്പ എന്നീ ദേവസ്വങ്ങളിലെ മേൽശാന്തി നിയമനം.**

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേരും, പൂർണ്ണമായ മേൽവിലാസവും, ഫോൺ നമ്പരും | |
| 2. | ജനനതീയതി, വയസ്സ് | |
| 3. | ഇപ്പോൾ ജോലി നോക്കി വരുന്ന ദേവസ്വവും, ഗ്രൂപ്പും (ഏത് തീയതി മുതൽ എന്ന് വ്യക്തമാക്കുക) | |
| 4. | സർവ്വീസിൽ പ്രവേശിച്ച തീയതി | |
| 5. | ഫുൾടൈം സർവ്വീസിൽ പ്രവേശിച്ച തീയതി | |
| 6. | ആകെ ഫുൾടൈം സർവ്വീസ് (വിശദവിവരം പ്രത്യേകം ഷീറ്റിൽ ഉൾപ്പെടുത്തണം) | |
| 7. | സേവനകാലത്ത് എപ്പോഴെങ്കിലും ശിക്ഷണ നടപടിയ്ക്ക് വിധേയനായിട്ടുണ്ടോ? (ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ പ്രത്യേകം ഷീറ്റിൽ ഉൾപ്പെടുത്തണം) | |

## അപേക്ഷകന്റെ പ്രതിജ്ഞ

ഞാൻ(പേര്).........................................(ദേവസ്വം)........................................ നിയമനത്തിനായി മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ സത്യമാണ് എന്നും, തെരഞ്ഞെടുക്കുകയാണെങ്കിൽ ക്ഷേത്രമര്യാദകളും, ആചാരങ്ങളും പൂർണ്ണമായും പാലിക്കുന്നതാണ് എന്നും, ബഹുമാനപ്പെട്ട ക്ഷേത്രം തന്ത്രി നൽകുന്ന ഉപദേശങ്ങൾ സ്വീകരിച്ച് വീഴ്ചകൂടാതെ പ്രസ്തുത ക്ഷേത്രത്തിലെ സേവനകാലം മുഴുവൻ പാലിച്ചു കൊള്ളാമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

തീയതി: ഒപ്പ്:

പേര്:

സർവ്വീസ് ബുക്കും, റിക്കാർഡുകളും പരിശോധിച്ചതിൽ മേൽ സംഗതികൾ ബോദ്ധ്യപ്പെട്ട് ശരിയെന്ന് സാക്ഷ്യപ്പെടുത്തുന്നു. (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്).

സ്ഥലം: ഒപ്പ്:

തീയതി: അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ

ഗ്രൂപ്പ്

(സീൽ)